# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 720 24.01.2018-ൽ മറുപടിക്ക്

## താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | കൊല്ലം ജില്ലയിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് പണം തിരികെ ലഭ്യമാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് പണം തിരികെ ലഭ്യമാക്കുന്നതിനു വേണ്ടി സുതാര്യമായ പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കി സമയബന്ധിതമായി സമർപ്പിക്കുന്നതിന് കണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി പാക്കേജ് ലഭിക്കുന്ന മുറയ്ക്ക് ബാങ്കിലെ നിക്ഷേപകർക്ക് പണം തിരികെ നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാനാകും. കൂടാതെ നിലവിൽ ടി ബാങ്കിലെ നിക്ഷേപകർക്ക് മാരകരോഗം, വിവാഹആവശ്യം, കുട്ടികളുടെ വിദ്യാഭ്യാസം എന്നിങ്ങനെ മുൻഗണനാക്രമത്തിൽ നിക്ഷേപം തിരികെ നൽകി വരുന്നുണ്ട്. |
| (ബി) | നിക്ഷേപകർക്ക് കുടിശ്ശിക ഇനത്തിൽ എത്ര തുക തിരികെ ലഭ്യമാക്കാനുണ്ട്; കുടിശ്ശിക വരുത്തിയവരിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് സിവിൽ ക്രിമിനൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | ബാങ്കിലെ നിക്ഷേപകർക്ക് മുതലിനത്തിൽ 9,83,00,808/- രൂപ തിരികെ നൽകാനായി ബാക്കി നിൽപ്പുണ്ട്. വായ്പാ കുടിശ്ശികകൾ തിരികെ ഈടാക്കുന്നതിന് നിയമാനുസൃതം ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ബാങ്കിനെ നിക്ഷേപകർക്ക് പ്രയോജനപ്രദമാവും വിധം പ്രവർത്തന സജ്ജമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും? | (സി) | ബാങ്കിൽ കൊല്ലം ജില്ലാ സഹകരണബാങ്കിൽ നിന്നും യോഗ്യതയുള്ള ഒരു ഉദ്യോഗസ്ഥന്റെ സേവനം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിനും, കൂടാതെ ടി ജില്ലാ സഹകരണബാങ്കിൽ നിന്നും പുനർവായ്പാ ലഭ്യമാക്കുന്നതിനുമുള്ള തീരുമാനങ്ങൾ കൈക്കൊണ്ട് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ